# File No.LSGD-EPB3/27/2015-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസറഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി.പി. രഘുനാഥനെതിരായ നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1639/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/09/2020

---

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) -ന്റെ 20.01.2014-ലെ സി.ടി.പി. (വിജി.) 884/2014 നമ്പർ റിപ്പോർട്ട്

2 ശ്രീ. പി.പി. രഘുനാഥന്റെ 11/15 തീയതിയിലെ വിശദീകരണം

3 പഞ്ചായത്ത് ഡയറക്ടറുടെ 14.12.2015-ലെ ഡി9-26293/15 നമ്പർ കത്ത്

4 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) -ന്റെ 12.02.2020-ലെ സി.ടി.പി. വിജി. 216/18 നമ്പർ കത്ത്

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ഥലത്തെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച പരാതിയിന്മേൽ ചീഫ് ടൗൺ (വിജിലൻസ്) അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അന്വേഷണത്തിൽ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി.പി. രഘുനാഥൻ ഗ്രാമപഞ്ചായത്തിലെ റിസ.149/19, 23എ, 22എ എന്നീ സർവ്വേ നമ്പരിൽപ്പെട്ട 15 സെന്റ് സ്ഥലത്ത് നിർമ്മിച്ച അനധികൃത കെട്ടിടം ക്രമവത്ക്കരിച്ച നല്കിയതായി കണ്ടെത്തിയിരുന്നു. തുടർന്ന് ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറുകയും എന്നാൽ ശ്രീ. പി.പി. രഘുനാഥൻ 31.05.2015-ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയും കൂടാതെ ശ്രീ. പി.പി. രഘുനാഥനിൽ നിന്നുള്ള വിശദീകരണം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

ശ്രീ. പി.പി. രഘുനാഥൻ പരാമർശം (2) പ്രകാരം സമർപ്പിച്ച വിശദീകരണത്തിൽ 22.11.2012 ന് താൻ സെക്രട്ടറിയായി ചുമതലയിൽ ഉള്ളപ്പോഴാണ് കെട്ടിടം പൂർത്തീകരിച്ച രേഖകൾ പഞ്ചായത്തിൽ ലഭിക്കുന്നതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് നല്കിയ റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് അപേക്ഷകനായ തയ്യിൽ പുരയിൽ ശാലൂദി എന്നയാൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും പൂർത്തിയായ ഗ്രൗണ്ട് ഫ്ളോർ, ഫസ്റ്റ് ഫ്ളോർ എന്നിവയടങ്ങിയ കൊമേഴ്സ്യൽ കെട്ടിടത്തിന് നടപടിക്രമങ്ങൾ പാലിച്ച് നമ്പർ അനുവദിക്കുകയാണ് ഉണ്ടായിട്ടുള്ളതെന്നും 03.01.2013-നാണ് കെട്ടിടത്തിന് ടാക്സ് ചുമത്തി നമ്പർ അനുവദിച്ചിട്ടുള്ളതെന്നും അസസ്മെന്റ് രജിസ്റ്ററിൽ കെട്ടിടത്തിന്റെ തരം കൊമേഴ്സ്യൽ ബിൽഡിംഗ് എന്നു തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും കെട്ടിട നമ്പർ അനുവദിക്കുന്നതു വരെ ഈ വിഷയത്തിൽ ചട്ടലംഘനമൊന്നും ഉണ്ടായിട്ടില്ലെന്നും അതിനുശേഷം ഉടമസ്ഥൻ സ്വമേധയാ ചെയ്ത നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കവെ 31.05.2015ന് സേവനത്തിൽ നിന്നും വിരമിച്ചുവെന്നും ഓഫീസിൽ നിന്നും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചു വരുന്നതായും ഈ വിശദീകരണം സ്വീകരിച്ച് തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

തുടർന്ന് ശ്രീ. പി.പി. രഘുനാഥൻ സമർപ്പിച്ചിരിക്കുന്ന വിശദീകരണം തൃപ്തികരമല്ലെങ്കിലും ടിയാൻ 31.05.2015-ന് സേവനത്തിൽ നിന്നും വിരമിച്ചതു പരിഗണിച്ച് ടിയാനെതിരായ നടപടി അവസാനിപ്പിക്കാവുന്നതാണോ എന്നതിന്മേൽ ചീഫ് ടൗൺ (വിജിലൻസ്) -ന്റെ അഭിപ്രായം ആരായുകയും തുടർന്ന് പരാമർശം (4) പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ അനധികൃതമായി നിർമ്മിച്ച മൂന്നാം നില ക്രമവൽക്കരിക്കുന്നതിനാവശ്യമായ അപേക്ഷ സമർപ്പിക്കുകയോ, പൊളിച്ചു മാറ്റുകയോ ചെയ്യേണ്ടതാണെന്ന് കാണിച്ച 10.06.2014 നും 10.07.2014-നും അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. രാഘുനാഥൻ പി.പി കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിരുന്നുവെന്നും ടിയാൻ 31.05.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ് എന്നും മേൽ സാഹചര്യങ്ങൾ പരിഗണിച്ച് ടിയാനെതിരായ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി.പി. രഘുനാഥൻ 31.05.2015-ന് സേവനത്തിൽ നിന്നും വിരമിച്ചതു പരിഗണിച്ചും, അനധികൃതമായി നിർമ്മിച്ച മൂന്നാം നില ക്രമവൽക്കരിക്കുന്നതിനാവശ്യമായ അപേക്ഷ സമർപ്പിക്കുകയോ, പൊളിച്ചു മാറ്റുകയോ ചെയ്യേണ്ടതാണെന്ന് കാണിച്ച 10.06.2014 നും 10.07.2014-നും അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. രാഘുനാഥൻ പി.പി കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിരുന്നുവെന്നതും പരിഗണിച്ച് തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ.പി.പി. രഘുനാഥനെതിരെ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടും അപ്രകാരം അച്ചടക്കനടപടി തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. പി.പി. രഘുനാഥൻ, മുൻ സെക്രട്ടറി, തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) , തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/27/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SUDHEER S S
Date: 2020.09.14 1[illegible]3:37 IST
Reason: Approved
സെക്ഷൻ ഓഫീസർ